**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 203** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നിലമ്പൂർ നിയോജക മണ്ഡലത്തിൽ, ആദിവാസികളും പിന്നോക്ക സമുദായക്കാരും കൂടുതലായി അധിവസിക്കുന്ന മൂത്തേടം പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രവും കരുളായി പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രവും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയിട്ടുയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിലെ മാനദണ്ഡ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം/ കുടുംബാരോഗ്യകേന്ദ്രം, ഒരു ബ്ലോക്ക് പഞ്ചായത്തിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, ഒരു താലൂക്കിൽ ഒരു താലൂക്ക്/ താലൂക്കാസ്ഥാന ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി എന്നിങ്ങനെയാണ് നിഷ്കർഷിച്ചിരിക്കുന്നത്. അപ്രകാരം നിലമ്പൂർ താലൂക്കിന് കീഴിലുള്ള മൂത്തേടം, കരുളായി എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയും പരിവർത്തനം ചെയ്തിട്ടുണ്ട്.

**(ബി)** വഴിക്കടവ് പഞ്ചായത്തിൽ കിഡ്നി ഡയാലിസിസ് സെന്റർ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ; പ്രസ്തുത പഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുമോയെന്നറിയിക്കാമോ?

**<u>മറുപടി:</u>** നിലവിലെ മാനദണ്ഡ പ്രകാരം താലൂക്ക് ആശുപത്രികൾ മുതൽ മുകളിലേയ്ക്കുള്ള സ്ഥാപനങ്ങളിലാണ് ഡയലാസിസ് യൂണിറ്റുകൾ ആരംഭിക്കുന്നത്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ കിടത്തി ചികിത്സ വിഭാവനം ചെയ്യുന്നില്ല. ആയതിനാൽ വഴിക്കടവ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കുടുംബാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്ന വിഷയവും കിടത്തി ചികിത്സ ആരംഭിക്കുന്ന വിഷയവും നിലവിൽ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**